**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.431 **29.01.2019**-ലെ മറുപടിക്ക്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ഹൈബി ഈഡൻ | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**ശമ്പള പരിഷ്കരണ കമ്മീഷൻ**

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച കമ്മീഷൻ രൂപീകരിക്കുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനം ആയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച കമ്മീഷനെ രൂപീകരിക്കുന്ന കാര്യത്തിലും, ശമ്പള പരിഷ്കരണം എന്നു മുതൽ നടപ്പിലാക്കണമെന്ന കാര്യത്തിലും സർക്കാർ നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്. ശമ്പള പരിഷ്കരണ നടപടികൾ യഥാസമയം പൂർത്തീകരിക്കുന്നതാണ്. |
| (ബി) | ജീവനക്കാരുടെ ശമ്പളം അഞ്ചു വർഷത്തിലൊരിക്കൽ പരിഷ്കരിക്കണമെന്നുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ശമ്പള പരിഷ്കരണം എന്നു മുതലാണ് നടപ്പിലാക്കേണ്ടതെന്ന് വിശദമാക്കുമോ; | |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ട തീയതിയ്ക്ക് എത്രമാസം മുമ്പേ കമ്മീഷനെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ? | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ട തീയതിയ്ക്ക് ഏഴ് മാസം മുമ്പ് ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചു. എന്നാൽ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് രണ്ട് വർഷത്തിന് ശേഷമാണ്. |

**സെക്ഷൻ ഓഫീസർ**